സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ പത്താം ശമ്പള പരിഷ്കാരം അനോമലി കമ്മിറ്റിയുടെ റിപ്പോർട്ട് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 515/16/Est-1** നന്തൻകോട്, 13/10/2017

---

പരാമർശം :
1) 14.03.2016 ലെ ആർ.ഒ.സി.7273/16/എസ്റ്റ-1 നമ്പർ ഉത്തരവ്.
2) 01.07.2016 ലെ മേൽ നമ്പർ ഉത്തരവ്.
3) 27.03.2017 ലെ ആർ.ഒ.സി. 8003/16/എസ്റ്റാ-1 നമ്പർ ഉത്തരവ്.
4) ദേവസ്വം കമ്മീഷണറുടെ 14.07.2017 ലെ ആർ.ഒ.സി. 3616/16/ എസ്റ്റാ-എ നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളവും അനുബന്ധ ആനുകൂല്യങ്ങളും പരിഷ്കരിച്ചുകൊണ്ടുള്ള പരാമർശം 1 ഉത്തരവിൻപ്രകാരം ഇക്കാര്യത്തിലെ അപാകതകൾ വിലയിരുത്തി ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ശമ്പളപരിഷ്ക്കരണ കമ്മിറ്റിയെ പുനർനാമകരണം ചെയ്ത് രൂപീകരിച്ച അനോമലി കമ്മിറ്റി മുമ്പാകെ എത്തിയ അപേക്ഷകൾ പരിശോധിച്ച് തയ്യാറാക്കിയ 20-6-2017 ലെ നടപടി സംഗ്രഹം ഉള്ളടക്കം ചെയ്തുകൊണ്ടുള്ള പരാമർശം 4 റിപ്പോർട്ട് ദേവസ്വം കമ്മീഷണറിൽ നിന്നും ലഭിച്ചു.

ശമ്പള പരിഷ്കരണ കമ്മിറ്റി ചെയർമാന്റെ പ്രസ്തുത റിപ്പോർട്ട് ദേവസ്വം ബോർഡ് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും ആയതിലെ ചുവടെ വിവരിക്കുന്ന ശുപാർശകൾ ബോർഡ് അംഗീകരിച്ച് 1.7.2016-ലെ ആർ.ഒ.സി. 515/2016/എസ്റ്റാ.1 നമ്പർ ഉത്തരവും 1.7.2016-ലെ ആർ.ഒ.സി. 516/2016/എസ്റ്റാ.1 നമ്പർ ഉത്തരവും ഭേദഗതി വരുത്തി ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് പെൻഷൻ സംഘടനകളുമായി നടത്തിയ ചർച്ചയുടെ മിനിറ്റ്സിലെ 14 -ാം നമ്പർ തീരുമാനപ്രകാരം (പരാമർശം 3) 2014 ലെ ശമ്പളപരിഷ്ക്കരണത്തിൽ ക്ഷേത്ര ജീവനക്കാർക്ക് അനുവദിച്ച 9 % ഫിറ്റ്മെന്റ് ആനുകൂല്യം 12% ആയി വർദ്ധിപ്പിച്ചും, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്ക് 01-7-2009 മുതൽ മുൻകാലപ്രാബല്യത്തോടെ അനുവദിച്ച ശമ്പളസ്കെയിൽ പരിഷ്ക്കരണത്തിന്റെ (പരാമർശം 1) അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ നിലവിലുള്ള ശമ്പളസ്കെയിൽ ആയ 39500-83000 ന് പകരം 40500-85000 ആയും ഹയർഗ്രേഡ് ശമ്പളസ്കെയിൽ 42500-87000 ന് പകരം 45800-89000 ആയും ക്രമപ്പെടുത്തി 01-7-2014 മുതൽ നോഷണൽ ആയും ആയതിന്റെ സാമ്പത്തിക ആനുകൂല്യം 01-2-2016 മുതൽ മാത്രം അനുവദിച്ചും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി,
(ഇൻ അഡീഷണൽ ചാർജ്)

(മറുപുറം)

പകർപ്പ് :-

1) എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2) ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
3) എസ്റ്റാ.2 സെക്ഷൻ, ബോർഡ് ഓഫീസ്
4) പെൻഷൻ സെക്ഷൻ, ബോർഡ് ഓഫീസ്
5) മരാമത്ത് സെക്ഷൻ, ബോർഡ് ഓഫീസ്
6) EDP സെക്ഷൻ, ബോർഡ് ഓഫീസ്
7) സെക്ഷൻ ഫയൽ
8) ഫയൽ ബുക്ക്
9) ഫെയർ ആഫീസ് കോപ്പി